പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം.T2215 | 8.07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>പഴം, പച്ചക്കറികൾ എന്നിവയിൽ മാരകമായ കീടനാശിനികളുടെ ഉപയോഗം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മറ്റു സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തിലെത്തുന്ന പഴം, പച്ചക്കറികൾ എന്നിവയിൽ മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നത്; കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ? | ബി) | ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.11.2014 ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും അമിതകീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥസംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണ മൊത്തവ്യാപാരമേഖലകൾ നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പച്ചക്കറി മൊത്തവ്യാപാരികളുടെ ഒരു അടിയന്തിരയോഗം 9.06.2015 ന് തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.06.2015 ന് ആരോഗ്യവകുപ്പ് മന്ത്രി, കൃഷിവകുപ്പ് മന്ത്രി, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി എന്നിവരും വകുപ്പ്അദ്ധ്യക്ഷൻമാരും മറ്റ് ഉന്നതതല ഉദ്യോഗസ്ഥരും അടങ്ങുന്ന ഉന്നതതല മീറ്റിംഗ് |

| | | | |
|---|---|---|---|
| | | | വിളിച്ചുചേർത്ത് ഇത് സംബന്ധിച്ച കർമ്മ പദ്ധതിയ്ക്ക് ഇതിനകം രൂപം കൊടുത്തിട്ടുണ്ട്. ടി കർമ്മ പദ്ധതിയുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യവകുപ്പ് മന്ത്രി, ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി വിവിധ വകുപ്പുകളിലേയും ലാബുകളിലേയും വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 19.06.2015 ൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം ഇതിനകം ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച ആശങ്കയും കാര്യക്ഷമമായ തുടർനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് അന്യസംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് സംസ്ഥാനമുഖ്യമന്ത്രി കത്ത് നല്കിയിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പനനികുതി വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കൂടിസേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള അഗ്രികൾച്ചറൾ യൂണിവേഴ്സിറ്റി പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്നതുമായ എല്ലാത്തരം ഭക്ഷ്യസാമ്പിളുകളും ശേഖരിക്കുവാൻ ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരുടെ ഒരു യോഗം 21.07.2015 ന് വിളിച്ചുചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| | | | |

സെക്ഷൻ ഓഫീസർ